**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6056** **02.04.2018-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാന ലോട്ടറിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നവീന പദ്ധതികൾ</u>**

| **ചോദ്യം**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**,, കെ.വി.അബ്ദുൾ ഖാദർ**<br>**,, യു. ആർ. പ്രദീപ്**<br>**,, എൻ. വിജയൻ പിള്ള :** | | **മറുപടി**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ഈ സർക്കാർ ലോട്ടറി വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;വിശദമാക്കുമോ; | (എ) | ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറുകളും, അനുബന്ധ ഹാർഡ് വെയർ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. സെർവ്വറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രണ്ട് High speed സർവ്വറുകൾ കേരള സ്റ്റേറ്റ് IT മിഷൻ മുഖേന വാങ്ങി സ്റ്റേറ്റ് ഡാറ്റ സെന്റർ (SDC)-1,2 എന്നിവിടയുമായി Co-host ചെയ്തിട്ടുണ്ട്.<br>ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണവുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന പഴയ നെറ്റ് വർക്ക്/UPS wire എന്നിവ കെൽട്രോൺ മുഖാന്തിരം നവീകരിക്കുന്ന ജോലികൾ പുരോഗമിക്കുന്നു.<br>ലോട്ടറി വകുപ്പിനുവേണ്ടി പുതിയ സോഫ്റ്റ് വെയർ ഡവലപ്മെന്റിനു NIC യെ ചുമതലപ്പെടുത്തി, പ്രസ്തുത പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>ഓഫീസുകളിലെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി CCTV ക്യാമറകൾ ജില്ലാ ഓഫീസുകളിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.<br>കാലഹരണപ്പെട്ട ഫിസിക്കൽ ഫയൽ സംവിധാനത്തിനു പകരമായി ഡയറക്ടറേറ്റിൽ E-Office സംവിധാനം നടപ്പിലാക്കി.<br>വകുപ്പിനു കീഴിൽ പുതുതായി കോഴിക്കോട് കേന്ദ്രീകരിച്ച് ഒരു ഓഡിറ്റ് ഓഫീസും 18 സബ് ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ലോട്ടറി ടിക്കറ്റുകളുടെ വില കുറച്ചും സമ്മാനഘടനയിൽ മാറ്റം വരുത്തിയും സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇതിന്റെ ഫലമായി വിറ്റുവരവിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ടിക്കറ്റുകളുടെ വില കുറച്ചും സമ്മാനഘടനയിൽ മാറ്റം വരുത്തുകയും ചെയ്തതിന്റെ ഫലമായി വിറ്റുവരവിൽ പുരോഗതിയുണ്ടായിട്ടുണ്ട്. 2017 മേയ് മാസത്തിൽ 684.87 കോടി രൂപയായിരുന്ന ഭാഗ്യക്കുറി വിറ്റുവരവ് 2017 ജൂണിൽ നടപ്പിലാക്കിയ സമ്മാനഘടന പരിഷ്കരണം, ടിക്കറ്റുകളുടെ മുഖവില കുറച്ചുകൊണ്ടുള്ള വില ഏകീകരണം എന്നിവയെ തുടർന്ന് 707.81 കോടി രൂപയായി വർദ്ധിച്ചിരുന്നു. കൂടാതെ ജൂലൈ മാസത്തിൽ 743.36 കോടി രൂപയായി വർദ്ധിക്കുകയും തുടർന്നുള്ള മാസങ്ങളിലെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട് |
| (ഡി) | ലോട്ടറി ടിക്കറ്റുകളുടെ അച്ചടി സംബന്ധിച്ച സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Micro letters pattern, Guilloche pattern, Opaque text pattern, Relief pattern, Void pantograph pattern, Invert microline pattern എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോട്ടറി അച്ചടിയിലെ സുരക്ഷാ മേൽനോട്ടങ്ങൾ നിർവ്വഹിക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട് |
| (ഇ) | സംസ്ഥാന ലോട്ടറിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം നവീന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ചുവടെപ്പറയുന്ന നവീന പദ്ധതികളാണ് പരിഗണനയിലുള്ളത്.<br>1) ഭാഗ്യക്കുറി ടിക്കറ്റുകൾ കൂടുതൽ സുരക്ഷിതവും വിശ്വസ്തവുമാക്കുന്നതിനായി ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ഹൈ സെക്യൂരിറ്റി ലാബിന്റെ ഉദ്ഘാടനം.<br>2) ജിയോ ടാഗ്ഗിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ.<br>3) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ (KSWDC) സംസ്ഥാനത്തെ 57 ഷീ-ടോയ് ലെറ്റുകളിൽ ഭാഗ്യക്കുറി പരസ്യം പതിച്ച് സാമ്പത്തിക സഹകരണം നൽകുന്നതിന്റെ ഭാഗമായി KSWDC യുടെ തന്നെ സംഘാടന ചുമതലയിൽ ടി പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം.<br>4) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഉത്ഭവം, വളർച്ച, |

| | | | |
|---|---|---|---|
| | | | നേട്ടം, പ്രസക്തി, ഭാവി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സുവർണ്ണ ജൂബിലി സ്മരണിക പ്രസിദ്ധീകരണം.<br>5) ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ വിശ്വാസ്യതയും സുതാര്യതയും പൊതുജനങ്ങൾക്ക് ബോധ്യപ്പെടാനുതകുംവിധം എല്ലാ നറുക്കെടുപ്പുകളും തത്സമയം ടെലിവിഷൻ ചാനലുകൾ വഴി സംപ്രേഷണം എന്നിവയാണ്. |

സെക്ഷൻ ഓഫീസർ